വാർഷിക പദ്ധതി 2015-2016-ൽ ഉൾപ്പെടുത്തി കായംകുളം താലൂക്ക് ആശുപത്രിക്ക് സി.ടി. സ്കാനർ, പവർ ലോൺട്രി എന്നിവ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇവ സ്ഥാപിക്കുന്നതിനുവേണ്ട കെട്ടിടം പണി, ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. സി.ടി സ്കാനറും പവർ ലോൺട്രിയും പ്രവർത്തിക്കുന്നതിനാവശ്യമായ 250 KWA ട്രാൻസ്ഫോർമറും സബ്സ്റ്റേഷനും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തി പൂർത്തിയാകുന്നമുറയ്ക്ക് സി.ടി സ്കാൻ യൂണിറ്റും പവർ ലോൺട്രിയും പ്രവർത്തന യോഗ്യമാകുന്നതാണ്.

ഇരിക്കൂർ താലൂക്കാശുപത്രി വികസനം

183 (183) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ധനസഹായത്തോടെയുള്ള ഇരിക്കൂർ ഗവൺമെന്റ് ആശുപത്രി കെട്ടിടനിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആർക്കിടെക്ചറൽ ഡ്രോയിംഗ്, സ്ട്രക്ചറൽ ഡിസൈൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ആശുപത്രി കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) ഇരിക്കൂർ ഗവൺമെന്റ് ആശുപത്രി കെട്ടിടനിർമ്മാണത്തിനായി 11,30,00,000 രൂപയുടെ (11 കോടി 30 ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് സോയിൽ ടെസ്റ്റിംഗ് പൂർത്തിയാക്കുകയും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഡിസൈനിംഗ് വർക്ക് നടത്തി വരികയുമാണ്. ഡിസൈനിംഗ് വർക്ക് പൂർത്തിയാക്കി മറ്റ് നടപടിക്രമം പൂർത്തിയാകുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

പാലക്കാട് എലപ്പുള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയുടെ നവീകരണം

184 (184) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എലപ്പുള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് അറിയിക്കാമോ?

എലപ്പുള്ളി താലൂക്ക് ആസ്ഥാന ആശുപത്രിക്ക് പുതിയ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിക്കായി മലമ്പുഴ നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി

LIBRARY ARCHIVES Kerala Legislative Assembly